# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/169/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/169/2023 തീയ്യതി: 31/03/2023

## കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 21-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 21-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക് പി - ഓഡിറ്റ് ഓഫീസർ
ജയാനന്ദ എച്ച് - ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഹരി വേണുഗോപാലൻ കെ വി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൈമ സി എ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| റഷീദ് സി | സെക്രട്ടറി | 01-04-2021 | 17-05-2021 |
| അനുപം എസ് | സെക്രട്ടറി | 18-05-2021 | 18-10-2021 |
| അഷറഫ് കെ | സെക്രട്ടറി | 18-10-2021 | 22-11-2021 |
| അനുപം എസ് | സെക്രട്ടറി | 22-11-2021 | 30-11-2021 |
| അഷറഫ് കെ | സെക്രട്ടറി | 01-12-2021 | 11-12-2021 |
| അനുപം എസ് | സെക്രട്ടറി | 11-12-2021 | 23-12-2021 |
| അഷറഫ് കെ | സെക്രട്ടറി | 23-12-2021 | 07-02-2022 |
| ദീപ്തി ആർ | സെക്രട്ടറി | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വാമനൻ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 01-04-2021 | 12-10-2021 |
| സുനിത കെ വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 12-10-2021 | 31-03-2022 |
| കൈലാസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 01-04-2021 | 19-05-2021 |
| ജോമോൻ ടി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-05-2021 | 09-08-2021 |
| അനിൽകുമാർ പി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-08-2021 | 31-03-2022 |
| ഡോ.ദിവാകര റൈ. കെ | മെഡിക്കൽഓഫീസർ-CHC | 01-04-2021 | 31-03-2022 |
| ഡോ.സലീന.കെ കെ | മെഡിക്കൽഓഫീസർ-GHD | 01-04-2021 | 08-12-2021 |
| ഡോ.രേഷ്മ എ കെ | മെഡിക്കൽഓഫീസർ-GHD | 09-12-2021 | 31-03-2022 |
| ധനലക്ഷ്മി.എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശരത്.ടി.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഷൈനി എസ് എസ് | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2021 | 11-06-2021 |
| ലതാകുമാരി ടി ആർ | ശിശുവികസനപദ്ധതി ഓഫീസർ(ഇൻ ചാർജ്ജ്) | 11-06-2021 | 24-08-2021 |
| ഷൈനി എസ് എസ് | ശിശുവികസനപദ്ധതി ഓഫീസർ | 24-08-2021 | 27-10-2021 |
| ബിജി ഇ കെ | ശിശുവികസനപദ്ധതി ഓഫീസർ | 27-10-2021 | 31-03-2022 |
| മിനി.എസ് | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2021 | 22-07-2021 |
| റസിയ കെ എം | സൂപ്രണ്ട്, മഹിളാമന്ദിരം | 23-07-2021 | 31-03-2022 |
| ബിജു.പി | സീനിയർ സൂപ്രണ്ട്/ജില്ലാ പ്രൊബേഷൻ ഓഫീസർ, വൃദ്ധമന്ദിരം | 01-04-2021 | 24-08-2021 |
| ജോയ് സി സ്റ്റീഫൻ | സീനിയർ സൂപ്രണ്ട്/ജില്ലാ പ്രൊബേഷൻ ഓഫീസർ, വൃദ്ധമന്ദിരം | 25-08-2021 | 31-03-2022 |
| പ്രീതി.കെ.ആർ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 07-10-2021 |
| ശാലിനി.കെ | ക്ഷീര വികസന ഓഫീസർ | 08-10-2021 | 31-03-2022 |
| മിലൻ.വി.കെ | വ്യവസായവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ആനന്ദ.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 25-09-2021 |
| അനിത കെ മേനോൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 25-09-2021 | 31-03-2022 |

,

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ സർട്ടിഫിക്കേഷൻ | 1-2 |
| 3 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-2-1 |
| 4 | മറ്റ് ന്യൂനതകൾ | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 11 | CHC കളിലെ സായാഹ്ന ഒ. പി.(OUT PATIENT) - അപാകതകൾ | 1-9 |
| 12 | ബയോകെമിസ്ട്രി അനലൈസർ ( Auto Biochemistry Analyser) ഇതുവരെയും ലഭ്യമായില്ല | 1-10 |
| 13 | കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി -തുക കൈമാറിയിട്ടും ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-11 |
| 14 | പൂർത്തീകരണ കാലതാമസത്തിനു നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-12 |
| 15 | എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ ഉപയോഗം സംബന്ധിച്ച് | 1-13 |
| 16 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ 5732/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-14 |
| 17 | വിവിധ പദ്ധതികളിലെ ഒരേ ഇനം പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത് വ്യത്യസ്ത നിരക്കിൽ. | 1-15 |
| 18 | ഭൂജല വകുപ്പ് ൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-16 |
| 19 | വിനിയോഗ സാക്ഷ്യപത്രം -പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-17 |
| 20 | പത്താംതരം ഹയർ സെക്കണ്ടറി, തുല്യതാ കോഴ്സ് ഭാഷാ കോഴ്സ് എന്നിവയുടെ കോഴ്സ് പൂർത്തീകരണം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 21 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 1-19 |
| 22 | ഹോമിയോ മരുന്ന് വാങ്ങൽ 69,409 രൂപയുടെ മരുന്നുകൾ ലഭിക്കാൻ | 1-20 |

| | | |
|---|---|---|
| | ബാക്കി | |
| 23 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 24 | മധൂർ ശ്മശാനത്തിന് ബ്ലോക്ക് വിഹിതം നൽകൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. | 1-22 |
| 25 | പട്ടികജാതി വികസന ഓഫീസർ നടത്തിയ വിവിധ വാങ്ങലുകൾ സംബന്ധിച്ച് | 1-23 |
| 26 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓഫീസിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് സംബന്ധിച്ച് | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ 5732/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 19.02.2021ലെ 12 നമ്പർ തീരുമാനം | പുതുക്കിയ ബജറ്റ് പാസ്സാക്കിയിട്ടില്ല |
| മുന്നിരിപ്പ് | 66,01,352 | |
| വരവ് | 13,35,72,427 | |
| ആകെ | 14,01,73,779 | |
| ചെലവ് | 13,63,68,500 | |
| നീക്കിയിരിപ്പ് | 38,05,279 | |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ സർട്ടിഫിക്കേഷൻ

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചു. ധനകാര്യപത്രികയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. (A/c No. 00000067043984474)

മുന്നിരിപ്പ് -2,51,069

വരവ് -3,84,422.00

ആകെ -6,35,491.00

ചെലവ്- 5,75,193.00

നീക്കിയിരിപ്പ്-60,298

തൊഴിലുറപ്പുപദ്ധതി കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്താതിരിക്കുവാനുള്ള കാരണം വിശദമാക്കേണ്ടതാണ്.

### 1-2-2 മറ്റ് ന്യൂനതകൾ

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

2. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3.പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർഎഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.വാർഷിക കണക്കുകൾ പ്രകാരം 1180 രൂപ വരവ് കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ ACR തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6.ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വിലയും ഇ.എം.ഡിയും ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല. 7)Non-Road Assets -വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം (RP-7) 54,13,262/- രൂപയാണ്, എന്നാൽ എ.സി.ആർ പ്രകാരമുള്ള തുകയും 58,11,261/- തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8.വാർഷിക കണക്കിലെ ബാലൻഷീറ്റ് Secured Loan – ഷെഡ്യൂൾ ബി-5 Secured Loan ഇനത്തിൽ -1,87,776രൂപ കാണിച്ചിട്ടുണ്ട് എന്നാൽ ഷെഡ്യൂൾ ബി-16 പ്രകാരം Prepaid Programme Expensesൽ തുക കാണിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 6,000/- രൂപ കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

10)റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, ACR എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

11) വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 1,87,776/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, വായ്പ രജിസ്റ്റർ പ്രകാരം 2,40,149/- രൂപയാണുള്ളത്.

12) താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)450210101-Nationalised-Own Fund-1

2)450620107-PMKSY

3)450620106-Scheduled Bank

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 2,74,18,560.00 |
| വരവ് | 10,81,60,296.00 |
| ആകെ | 1355,78,856.00 |

| | |
|---|---|
| ചെലവ് | 10,09,27,768.00 |
| നീക്കിയിരിപ്പ് | 3,46,51,088.00 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 21-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,18,69,952 | 4,18,69,952 | 3,70,67,000 | 48,02,952 | 88.52 |
| വികസനഫണ്ട് എസ്.സി.പി. | 0 | 99,89,000 | 99,89,000 | 99,89,000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 30,22,000 | 30,22,000 | 30,22,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,14,25,357 | 1,14,25,357 | 58,11,261 | 56,14,096 | 96.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 1,54,90,413 | 1,54,90,413 | 1,12,31,990 | 42,58,423 | 37.91 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | 0 | 1,22,21,081 | 1,22,21,081 | 65,34,413 | 56,86,668 | 87.02 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,70,67,000 | 3,70,67,000 | 3,70,67,000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 99,89,000 | 99,89,000 | 99,89,000 | 0 |
| വികസനഫണ്ട് | 0 | 30,22,000 | 30,22,000 | 30,22,000 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 54,13,262 | 54,13,262 | 54,13,262 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) | ബാങ്ക്-0 | 1,13,54,000 | 1,13,54,000 | 82,76,416 | 30,77,584 |
| | ട്രഷറി-51,36,413 | 0 | 51,36,413 | 29,55,574 | 21,80,839 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | ബാങ്ക്-0 | 70,59,233 | 70,59,233 | 23,56,960 | 47,02,273 |
| | ട്രഷറി-53,19,081 | 0 | 53,19,081 | 41,77,453 | 11,41,628 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | 10,00,000 | 1,15,88,367 | 1,25,88,367 | 1,15,88,367 | 1000000 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 75,07,335 | 28,00,443 | 1,03,07,778 | 8,54,727 | 94,53,051 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 99,88,675 | 76,66,000 | 1,76,54,675 | 21,16,033 | 1,55,38,642 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| ഐ.എ.വൈ സ്റ്റേറ്റ് ഷെയർ | 7,95,590 | 23,502 | 8,19,092 | 0 | 8.19,092 |
| ഐ.എ.വൈ പ്ലാൻ | 1,77,42,922 | 1,12,24,907 | 2,89,67,829 | 1,18,25,330 | 1,71,42,499 |
| ശുചിത്വ മിഷൻ | 54,39,840 | 1,48,370 | 55,88,210 | 0 | 55,88,210 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| കേരളോത്സവം/ മിസലേനിയസ് | 2,10,885 | 1,06,947 | 3,17,832 | 93,714 | 2,24,118 |
| പ്ലാൻ (എസ്.ബി.ഐ) | 10,61,026 | 76,029 | 11,37,055 | 47,085 | 10,89,970 |

സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിലെ മുന്നിരിപ്പും നീക്കിയിരിപ്പുമായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് പട്ടികയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 138591963 | 110 | 76437352 | - | 39 | 73.83 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 35 | 45816008 | 29 | 28245581 | 61.65 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 5 | 26690024 | 1 | 950033 | 03.56 |
| 3 | അസി.എഞ്ചിനിയർ | 72 | 35889636 | 47 | 19374049 | 53.98 |
| 4 | ശിശുവികസന പദ്ധതി ഓഫീസർ | 5 | 7292822 | 4 | 6758922 | 92.67 |
| 5 | അസി.ഡയറക്ടർ കൃഷി | 3 | 3576500 | 3 | 3487429 | 97.50 |
| 6 | ക്ഷീര വികസന ഓഫീസർ | 1 | 1000000 | 1 | 1000000 | 100 |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 8 | 5272084 | 7 | 4589631 | 87.05 |
| 8 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | 1 | 2417600 | 1 | 2415000 | 99.89 |
| 9 | സൂപ്രണ്ട് ഗവ.വൃദ്ധ മന്ദിരം & മഹിളാ മന്ദിരം | 5 | 756277 | 3 | 405483 | 53.62 |
| 10 | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി | 4 | 1864992 | 4 | 1751491 | 93.91 |
| 12 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 10 | 8015970 | 10 | 7459733 | 93.06 |
| | ആകെ | 149 | 138591963 | 110 | 76437352 | 55.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2,51,069.50 | 3,84,421.50 | 6,354,91 | 5,75,193 | 60,298 |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2022 തീയതിയിൽ 3.00pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട് (ഓൺലൈൻ യോഗങ്ങൾ ഉൾപ്പടെ). ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല (മെയ്, ജൂൺ,ജൂലൈ മാസങ്ങൾ ഒഴികെ).

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗത്തിൽ ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.
അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.
പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 CHC കളിലെ സായാഹ്ന ഒ. പി.(OUT PATIENT) - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ CHC
കാസറഗോഡ് ബ്ലോക്ക് പരിധിയിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളായ കുമ്പള, ബദിയഡുക്ക എന്നിവിടങ്ങളിൽ സായാഹ്ന ഒ.പി. നടത്തുന്നതുമായി ബന്ധപ്പെട്ട് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിനാണ് പദ്ധതി നം.55/2022 നടപ്പിലാക്കിയത്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 12/10/2021 മുതൽ 28/10/2021 വരെയുള്ള കാലയളവിൽ ബദിയഡുക്ക CHC യിലെ സായാഹ്ന ഒ.പി. ചുമതല വഹിച്ചിരുന്ന ഡോക്ടറെ, പകരം ക്രമീകരണങ്ങൾ ഉറപ്പാക്കാതെ മൊഗ്രാൽ പുത്തൂർ FHC യിൽ Working Arrangement ൽ നിയമിച്ചത് വഴി പദ്ധതി ഉദ്ദേശ്യം /ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുകയുണ്ടായി. ഇതുമൂലം സായാഹ്ന ഒ.പി.ഫലവത്തായില്ല.

2. ക്രമ നം.01 ൽ സൂചിപ്പിച്ച കാലയളവിലും ശമ്പളം ഈ പദ്ധതിയിൽ നിന്നുമാണ് അനുവദിച്ചത്.

3. പദ്ധതിയുമായി ബന്ധപ്പെട്ട് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും കോൺട്രാക്റ്റ് അടിസ്ഥാനത്തിലാണ് നിയമിച്ചതെന്നാണ് അറിയിച്ചതെങ്കിലും കരാർ വെച്ചിട്ടില്ല. സമാനമായ പദ്ധതികളിൽ, മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

തുടർന്നും ഇത്തരം പദ്ധതികൾ നടത്തുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം, നിയമനം സംബന്ധിച്ച് വകുപ്പിൽ നിന്നും വ്യക്തത വരുത്തേണ്ടതും, കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ മികച്ച സേവനം നൽകുന്നതിനുള്ള കരുതൽ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി -08 (തിയതി 23.01.2023)

## 1-10 ബയോകെമിസ്ട്രി അനലൈസർ ( Auto Biochemistry Analyser) ഇതുവരെയും ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ CHC
ബദിയഡുക്ക CHC, കുമ്പള CHCഎന്നിവടങ്ങളിലേക്ക് Auto Biochemistry Analyser വാങ്ങുന്നതിനായി KMSCL (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ) ന് BRN:21200163008201340227/16.03.2022 :₹1,18,684/-പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇവ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ഈ ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇവ ലഭ്യമാക്കുന്നതിന് വിധേയമായി ₹1,18,684/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. KMSCL ന്റെ ഭാഗത്തുനിന്നുണ്ടായ

കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, അനിവാര്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതുമാണ്.

1-11 കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി -തുക കൈമാറിയിട്ടും ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

വൗച്ചർ നമ്പർ-36/2021-22

ചെക്ക് നമ്പർ- 0489614, തിയ്യതി 04.09.2021 തുക-29025/-

12.08.2021 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 6/21-22 പ്രകാരം, 2021-22 വർഷത്തെ പദ്ധിതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് മുഖേന ഡിപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്ന 15 കുടിവെള്ള പദ്ധതികൾക്ക് ഭൂജല പര്യവേഷണം നടത്തുന്നതിനായി ഒരു സൈറ്റിന് 1935/- രൂപ നിരക്കിൽ ആകെ 29025/-രൂപ ജി.ഡബ്ല്യൂ.കെ/1082/21 തിയ്യതി 12.08.2021 നം കത്ത് മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 72001140000032) ചെക്ക് നമ്പർ- 0489614, തിയ്യതി 04.09.2021 പ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

എന്നാൽ കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് നാളിതു വരെയും ലഭ്യമായതായി കാണുന്നില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.06 തീയ്യതി 21.01.2023)

1-12 പൂർത്തീകരണ കാലതാമസത്തിനു നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

സ.ഉ.(പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ സപ്ലിമെന്ററി കരാർ ചമച്ച് സെക്ഷൻ 2112.1 പ്രകാരമുള്ള തുക കാലാവധി ദീർഘീകരണത്തിന് പിഴയായി അടവാക്കേണ്ടതുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷമുള്ള കാലാവധി ദീർഘീകരണ കാലയളവും ഈടാക്കേണ്ട തുകയും ഇനി പറയും പ്രകാരമാണ്. കരാർ തുകയുടെ 1% തുക പിഴ ചുമത്തി (മിനിമം 1,000/-, പരമാവധി 50,000/-) ആദ്യത്തെ എക്സ്റ്റെൻഷൻ അനുവദിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ 25% വരെയും (പരമാവധി 6മാസം) തുടർന്ന് കരാർ തുകയുടെ 2% തുക പിഴ ചുമത്തി (മിനിമം 2,000/-, പരമാവധി 1,00,000/-) പൂർത്തീകരണ കാലാവധിയുടെ 50% വരെയും സമയം അനുവദിക്കാവുന്നതുമാണ്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. എന്നാൽ 2021-22 ൽ നിർവ്വഹണം ചെയ്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സമയ പരിധിയ്ക്കകം പൂർത്തീകരിക്കുകയോ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്ട് നം, പേര് | കരാറുകാരന്റെ പേര്, കരാർ തുക | എഗ്രിമെന്റ് നം, തിയ്യതി | സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയ്യതി | പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ്, തീയ്യതി | പ്രവർത്തി പൂർത്തീകരിച്ച തീയ്യതി, (എം ബുക്ക് നം) | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 127/22, ജി.യു.പി.എസ് ബണ്ടിച്ചാൽ ഗേൾസ് | നജീബ് പി എം, 452872/- | 9/AE/LSGD/ KBP/2020-21, 17.07.2020 | 17.07.2020 | 8 മാസം, 16.03.2021 | 29.12.2021 (61/2019-20) | 13586/- |

| | | | | | | |
|---|---|---|---|---|---|---|
| ഫ്രണ്ട്ലി ടോയ്‌ലറ്റ്- ചെമ്മനാട് ഗ്രാമപഞ്ചായത്ത് | | | | | | |
| 141/22, ജി.ബി.എൽ.പി സ്കൂൾ ആരിക്കാടി ക്ലാസ് റൂം നിർമ്മാണം | നജീബ് പി എം, 691260/- | 8/AE/LSGD/ KBP/2020-21, 17.07.2020 | 17.07.2020 | 5 മാസം, 16.01.2021 | 21.10.2021 (60/2019-20) | 20738/- |
| 134/22, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2020-21ബിലാൽ നഗർ ഗിരി റോഡ് കോൺക്രീറ്റ് വിത്ത് ഡ്രൈനേജ് ചെങ്കള | കെ എം നൗഷാദ്, 499917/- | 07/AE/LSGD/ KBP/2021-22 11.08.2021 | 11.08.2021 | 3 മാസം, 10.11.2021 | 25.02.2022 (23/2021-22) | 14998/- |
| 134/22, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2020-21 കല്ലക്കട്ട കൈരളി റോഡ് ചെങ്കള | അഹമ്മദ് സി എച്ച് ബി, 488769/- | 04/AE/LSGD/ KBP/2021-22 22.06.2021 | 22.06.2021 | 3 മാസം, 21.09.2021 | 20.01.2022 (65/2019-20) | 14663/- |

നിശ്ചിത സമയ പരിധിയ്ക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ തുക അനുവദിക്കുമ്പോൾ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാത്തത് ഓഡിറ്റ് എൻക്വയറി നം. 07 തീയ്യതി 23.01.2023 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07 തീയ്യതി 23.01.2023)

1-13 എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ ഉപയോഗം സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പടിക്കലഡ്ക്ക കോയിപ്പാടി കറുപ്പിനഡ്ക്ക റോഡ് ടാറിംഗ് മധൂർ ഗ്രാമ പഞ്ചായത്ത് എന്ന പ്രവൃത്തിയിൽ കോഡ് 3.5.1- Excavation In Cutiing In Soil By Manual Means With Lead Upto 50 Meter (Spec. 302.3), കോഡ് 3.5.2- Excavation In Soil With Dozer With Lead Upto 100m എന്നീ ഇനം പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം മണ്ണ് Excavate ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഐറ്റം നം. | വിശദാംശം | എം ബുക്ക് നം, പേജ് നം. | അളവ് രേഖപ്പെടുത്തിയ തിയ്യതി | Excavate ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|---|---|
| 1 | 3.5.1- Excavation In Cutiing In Soil By Manual Means With Lead Upto 50 Meter | 24/2021-22 പേജ് നം. 13 | 25.02.2022 | 95.00 M3 |

| | | | | |
|---|---|---|---|---|
| | Excavation For Roadway In Soil Using Manual Means For Carrying Of Cut Earth To Embackment Site With A Lift Upto 1.5m And Lead Upto 50m As Per Technical Specification In Clause 302.3 | | | |
| 2 | 3.5.2- Excavation In Soil With Dozer With Lead Upto 100m<br>Excavation For Roadway In Soil Using Mechanical Means Including Cutting And Pushing The Earth To Site Of Embackment Upto A Distance Of 100m, Including Trimming Bottom And Side Slopes In Accordance With Requirements Of Lines, Grades And Cross Sections. | 24/2021-22 പേജ് നം. 01 | 21.01.2022 | 2510.16 M3 |
| ആകെ | | | | 2605.16 M3 |

ഇപ്രകാരം ആകെ ലഭിച്ചത് 2605.16 M3 മണ്ണ് ആണ്. ശരാശരി ഒരു ടോറസ് വണ്ടിയിൽ ഉൾക്കൊള്ളാവുന്ന മണ്ണിന്റെ അളവ് 14 M3 എന്ന ക്രമത്തിലെടുത്താൽ ഏകദേശം 186 ലോഡ് മണ്ണ് Excavation ലൂടെ ലഭിച്ചിട്ടുണ്ട് എന്ന് മനസിലാക്കാം. എന്നാൽ ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് എന്ത് ചെയ്തു എന്ന് വ്യക്തമല്ല. മണ്ണിന്റെ തുടർ ഉപയോഗം എം ബുക്കിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. മേൽ അപാകത ഓഡിറ്റ് എൻക്വയറി നം. 12/11.07.2022 മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-14 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ 5732/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന വൈദ്യുതീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരമാണ്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ, എല്ലാ ഇനങ്ങളുടെയും ചെലവ് തുകയുടെ കൂടെ 12% GST വിഹിതം കൂടി ചേർത്താണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ ഷെഡ്യൂൾ ഓഫ് റേറ്റ് (SOR)പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെട്ട

ഇനങ്ങളുടെ നിരക്കിൽ VAT (മൂല്യ വർദ്ധിത നികുതി) ഉൾപ്പെടുന്നുണ്ട്. സർക്കുലർ നം. 18/2019 /ധന/01.03.2019 പ്രകാരം എസ്റ്റിമേറ്റിൽ 12% GST ഘടകം ഉൾപ്പെടുത്തുമ്പോൾ, നിരക്കുകളിൽ ഉൾപ്പെടുന്ന VAT/GST ഒഴിവാക്കിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയതിന് ശേഷം മാത്രമേ എസ്റ്റിമേറ്റിൽ GST ഘടകമായി 12% തുക അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയ നിരക്കുകൾ PWD പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ 12% GST ഘടകം അനുവദനീയമല്ലാത്തതിനാൽ, വൃദ്ധ സദന ക്ലിനിക്കിന് വൈദ്യുതീകരണം എന്ന പ്രവൃത്തിയിൽ, ഇപ്രകാരം അധികം നൽകിയ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ഖ. 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-15 വിവിധ പദ്ധതികളിലെ ഒരേ ഇനം പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത് വ്യത്യസ്ത നിരക്കിൽ.

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

1) ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ജി.ബി.എൽ.പി സ്കൂൾ ക്ലാസ് റൂം നിർമ്മാണം (പ്രൊജക്ട് നം. 141/22), ജി.യു.പി.എസ് ബണ്ടിച്ചാൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്-ചെമ്മനാട് ഗ്രാമപഞ്ചായത്ത് (പ്രൊജക്ട് നം. 127/22) എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് 2016 DSR നെ അടിസ്ഥാനമാക്കി 32.04% കോസ്റ്റ് ഇൻഡക്സ്, 15% CPOH എന്നിവ ഉൾപ്പെടെയാണ് തയ്യാറാക്കിയിട്ടുള്ളത്. മേൽ പദ്ധതികളുടെ എസ്റ്റിമേറ്റിൽ Laterate Masonry For Superstructure Above Plinth Level Upto Floor Two എന്ന ഇനം പ്രവൃത്തിക്ക് 2016 DSR നെ അടിസ്ഥാനമാക്കി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ ചുവടെ പറയും പ്രകാരം വ്യത്യസ്ത നിരക്ക് ലഭിച്ചതായി കാണുന്നു.

A) ജി.ബി.എൽ.പി സ്കൂൾ ക്ലാസ് റൂം നിർമ്മാണം (പ്രൊജക്ട് നം. 141/22)

എസ്റ്റിമേറ്റ് നമ്പർ- 2019/122774

ടി പ്രവൃത്തിയിലെ ഐറ്റം നം.4 Laterate Masonry For Superstructure Above Plinth Level Upto Floor Two എന്ന ഇനത്തിനു തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ വിശദാംശങ്ങൾ ചുവടെ.

Od394640/2019_2020 Laterate Masonry With Neatly Dressed Laterate Stone Of Size 30x20x20 Cm Or Nearest Size In Cement Mortar 1:6 For Superstructure Above Plinth Level Upto Floor Two Including All Cost Of Materials, Labour Charges Etc.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | Laterate Stone Of Size 30x20x20 Cm | Each | 77 | 29.50 | 2271.50 |
| 3.11 | Rate As Per Item No. 3.11 Of SH:mortars | Cum | 0.0874 | 3217.55 | 281.21 |
| 9999 | Sundries | L.S | 2.73 | 1.73 | 4.72 |
| 123 | Mason (Brick Layer) 1st Class | Day | 0.53 | 487 | 258.11 |
| 124 | Mason (Brick Layer) 2nd Class | Day | 0.53 | 448 | 237.44 |
| 115 | Coolie | Day | 1.90 | 368 | 669.20 |
| 101 | Bhisti | Day | 0.45 | 407 | 183.15 |
| 9999 | Sundries | L.S | 22.36 | 1.73 | 38.68 |
| | Total | | | | 3974.02 |
| | Say | | | | 3974.02 |

| | | |
|---|---|---|
| | Add Water Charge @ 1.0% | 39.74 |
| | Add CPOH @ 15.0% | 602.06 |
| | Cost Index 32.04% | 633.58 |
| | Total With Cost Index | 5249.41 |
| | Say | 5249.41/cum |

ഇപ്രകാരം ടി പ്രവൃത്തിയിലെ Laterate Masonry For Superstructure Above Plinth Level Upto Floor Two എന്ന ഇനത്തിന്റെ യൂണിറ്റ് നിരക്ക് 5249.41/cum ആയാണ് തയ്യാറാക്കിയിട്ടുള്ളത്.

B) ജി.യു.പി.എസ് ബണ്ടിച്ചാൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്-ചെമ്മനാട് ഗ്രാമപഞ്ചായത്ത് (പ്രൊജക്ട് നം. 127/22)

എസ്റ്റിമേറ്റ് നമ്പർ- 2019/96840

ടി പ്രവൃത്തിയിലെ ഐറ്റം നം. 20 Laterate Masonry For Superstructure Above Plinth Level Upto Floor Two എന്ന ഇനത്തിനു തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ വിശദാംശങ്ങൾ ചുവടെ.

Od0040619/2019_2020 Laterate Masonry With Neatly Dressed Laterate Stone Of Size 30x20x15 Cm Or Nearest Size In Cement Mortar 1:6 For Superstructure Above Plinth Level Upto Floor Two Including All Cost Of Materials, Labour Charges Etc.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | Laterate Stone Of Size 30x20x15 Cm | Each | 77 | 29.50 | 2271.50 |
| 3.11 | Rate As Per Item No. 3.11 Of SH:mortars | Cum | 0.0874 | 3217.55 | 281.21 |
| 9999 | Sundries | L.S | 2.73 | 1.73 | 4.72 |
| 123 | Mason (Brick Layer) 1st Class | Day | 0.53 | 487 | 258.11 |
| 124 | Mason (Brick Layer) 2nd Class | Day | 0.53 | 448 | 237.44 |
| 115 | Coolie | Day | 1.90 | 368 | 669.20 |
| 101 | Bhisti | Day | 0.45 | 407 | 183.15 |
| 9999 | Sundries | L.S | 22.63 | 1.73 | 39.15 |
| | Total | | | | 3974.49 |
| | Say | | | | 3974.49 |
| | Add Water Charge @ 1.0% | | | | 39.74 |
| | Add CPOH @ 15.0% | | | | 602.13 |
| | Cost Index 32.04% | | | | 529.10 |
| | Total With Cost Index | | | | 5145.48 |
| | Say | | | | 5145.48/cum |

ഇപ്രകാരം ടി പ്രവൃത്തിയിലെ Laterate Masonry For Superstructure Above Plinth Level Upto Floor Two എന്ന ഇനത്തിന്റെ യൂണിറ്റ് നിരക്ക് 5145.48/cum ആയാണ് തയ്യാറാക്കിയിട്ടുള്ളത്.

മേൽ രണ്ടു പ്രവൃത്തികളിലെയും Laterate Masonry For Superstructure Above Plinth Level Upto Floor Twoഎന്ന ഇനത്തിനു യഥാർത്ഥത്തിൽ തയ്യാറാക്കേണ്ടിയിരുന്ന ഒബ്സർവ്ഡ് ഡാറ്റ ചുവടെ പറയും പ്രകാരമാണ്.

Laterate Masonry With Neatly Dressed Laterate Stone Of Size 35x20x20 Cm Or Nearest Size In Cement Mortar 1:6 For Superstructure Above Plinth Level Upto Floor Two Including All Cost Of Materials, Labour Charges Etc.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | Laterate Stone Of Size 35x20x20 Cm | Each | 66 | 29.50 | 1947.00 |
| 3.11 | Rate As Per Item No. 3.11 Of SH:mortars | Cum | 0.0874 | 3217.55 | 281.21 |
| 9999 | Sundries | L.S | 2.73 | 1.73 | 4.72 |
| 123 | Mason (Brick Layer) 1st Class | Day | 0.53 | 487 | 258.11 |
| 124 | Mason (Brick Layer) 2nd Class | Day | 0.53 | 448 | 237.44 |
| 115 | Coolie | Day | 1.90 | 368 | 669.20 |
| 101 | Bhisti | Day | 0.45 | 407 | 183.15 |
| 9999 | Sundries | L.S | 22.36 | 1.73 | 38.68 |
| | Total | | | | 3649.52 |
| | Say | | | | 3649.52 |
| | Add Water Charge @ 1.0% | | | | 36.49 |
| | Add CPOH @ 15.0% | | | | 552.90 |
| | Cost Index 32.04% | | | | 633.58 |
| | Total With Cost Index | | | | 4872.50 |
| | Say | | | | 4872.50/cum |

മേൽ വിശദാംശങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് നം. | ഐറ്റം നം. | ഇനം | ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ ലഭിച്ച നിരക്ക് | യഥാർത്ഥ നിരക്ക് | യൂണിറ്റ് നിരക്കുകളിലെ വ്യത്യാസം |
|---|---|---|---|---|---|---|
| ജി.ബി.എൽ.പി സ്കൂൾ ക്ലാസ് റൂം നിർമ്മാണം | 2019/122774 | 4 | Laterate Masonry For Superstructure Above Plinth Level Upto Floor Two | 5249.41 /Cum | 4872.50 /Cum | 376.91 /Cum |
| ജി.യു.പി.എസ് ബണ്ടിച്ചാൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് | 2019/96840 | 20 | | 5145.48 /Cum | | 272.98 /Cum |

മേൽ രണ്ട് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന ഐറ്റം റേറ്റ് കോൺട്രാക്ട് ആയി നടപ്പിലാക്കിയതിനാൽ പ്രസ്തുത ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത് എന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വസ്തുതാപരമായ പിഴവ് നിലനിൽക്കുന്നു.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം. 17 തീയ്യതി 23.01.2023 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുകളിൽ വിവരിച്ച പ്രകാരം ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകതയുള്ള വിശദീകരണം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഭൂജല വകുപ്പ് ൽ തുക നിക്ഷേപിച്ചത്- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2021-22 സാമ്പത്തിക വർഷം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 69,05,680/- രൂപ (അക്കൗണ്ട് നം A/c-67304078476) നിർവ്വഹണ ഉദ്യോഗസ്ഥൻ ഭൂജല വകുപ്പ് ജില്ലാ ഓഫീസ് കാസർഗോഡ് സെക്ഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 69,05,680/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റിന്റെ പേര് | ഡി.ഡി.ഓ നം /തിയതി | നൽകിയ തുക |
|---|---|---|---|
| സെക്രട്ടറി | പ്രൊ.നം.199/21-22 മുണ്ടേക്കാൽ കുടിവെള്ള പദ്ധതി മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | 2001630005/20-03-2022 | ₹5,58,880/- |
| | പ്രൊ.നം198/21-22 ചെന്നുളി കുടിവെള്ള പദ്ധതി ബദിയടുക്ക ഗ്രാമപഞ്ചായത്ത് | | ₹5,15,200/- |
| | പ്രൊ.നം-204/21-22 കൊയർക്കോച്ചി കുടിവെള്ള പദ്ധതി ചെങ്കള ഗ്രാമപഞ്ചായത്ത് | | ₹8,70,000/- |
| | പ്രൊ.നം197/21-22 ഉളിയത്തടുക്ക റഹമത്ത്നഗർ കുടിവെള്ള പദ്ധതി മധൂർ ഗ്രാമപഞ്ചായത്ത് | | ₹7,43,680/- |
| | പ്രൊ.നം-200/21-22 നാൽത്തടുക്ക കുടിവെള്ള പദ്ധതി ചെങ്കള ഗ്രാമപഞ്ചായത്ത് | | ₹4,30,080/- |

| | | | |
|---|---|---|---|
| | പ്രൊ.നം-205/21-22 നാഷണൽ നഗർ പുളിങ്കുർ റോഡ് കുടിവെള്ള പദ്ധതി മധൂർ ഗ്രാമപഞ്ചായത്ത് | 2001630005/18-03-2022 | ₹9,81,120/- |
| | പ്രൊ.നം-202/21-22 നാരംബാടി കുടിവെള്ള പദ്ധതി ചെങ്കള ഗ്രാമപഞ്ചായത്ത് | | ₹5,16,320/- |
| | പ്രൊ.നം196/21-22 പരപ്പാടി പയ്യതര കുടിവെള്ള പദ്ധതി മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | | ₹8,26,560/- |
| | പ്രൊ.നം-201/21-22 ബംബ്രാണി നഗർ കുടിവെള്ള പദ്ധതി ചെങ്കള ഗ്രാമപഞ്ചായത്ത് | | ₹4,82,720/- |
| | പ്രൊ.നം-207/21-22 അരണഗുഡെ നോർത്ത് ബെള്ളൂർ കുടിവെള്ള പദ്ധതി മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | | ₹5,18,560/- |
| | പ്രൊ.നം-206/21-22 ഇ.എം.എസ്.കോളനി കുടിവെള്ള പദ്ധതി മധൂർ ഗ്രാമപഞ്ചായത്ത് | | ₹4,62,560/- |
| | | ആകെ | 69,05,680 |

1-17 വിനിയോഗ സാക്ഷ്യപത്രം -പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 88,17,800 /- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 88,17,800 /-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബി.ആർ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
